**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1607** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവെയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ സർവെയുടെ പുരോഗതി അറിയിക്കാമോ; | (എ) | ഡിജിറ്റൽ സർവ്വെയുടെ ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ 167 വില്ലേജുകളും, രണ്ടാം ഘട്ടത്തിൽ തെരെഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ ഉൾപ്പെട്ട 8 വില്ലേജുകളും ചേർത്ത് ആകെ 175 വില്ലേജുകളിൽ ഫീൽഡ് സർവ്വെ പൂർത്തിയാക്കി 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. ഈ മാസം തന്നെ ഒന്നാം ഘട്ടത്തിൽ ബാക്കിയുള്ള എല്ലാ വില്ലേജുകളുടെയും 9(2) പ്രസിദ്ധീകരിക്കും. ഇതിനോടൊപ്പം രണ്ടാം ഘട്ടത്തിലെ 200 വില്ലേജുകളുടെയും സർവ്വെ വലിയ തോതിൽ പുരോഗമിക്കുന്നു. ഇതിനകം രണ്ട് ഘട്ടങ്ങളിലുമായി നാല് ലക്ഷം ഹെക്ടർ ഭൂമി സർവ്വെ ചെയ്ത് കഴിഞ്ഞു. |
| (ബി) | എത്ര ജീവനക്കാരെയാണ് ഡിജിറ്റൽ സർവെയ്ക്കായി നിയോഗിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ഡിജിറ്റൽ സർവെയ്ക്കായി സർവ്വെയും ഭൂരേഖയും വകുപ്പിലെ 1593 ജീവനക്കാരെയും, കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1317 കരാർ സർവെയർമാരെയും, 1953 കരാർ ഹെൽപ്പർമാരെയും നിയോഗിച്ചിട്ടുണ്ട്. |
| (സി) | ഡിജിറ്റൽ സർവെ പരാതികൾ എവിടെയാണ് സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (സി) | ഡിജിറ്റൽ സർവെ പരാതികൾ "എന്റെ ഭൂമി" (https://entebhoomi.kerala.gov.in) പോർട്ടലിൽ ഓൺലൈനായോ, ബന്ധപ്പെട്ട വില്ലേജുകളിലെ ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസുകളിലോ, ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ സൂപ്രണ്ടുമാർ എന്നിവർക്കോ സമർപ്പിക്കാവുന്നതാണ്. |
| (ഡി) | കൂടുതൽ വില്ലേജുകളിൽ ഡിജിറ്റൽ സർവെ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വെ ചെയ്തിട്ടുള്ള 116 വില്ലേജുകൾ ഒഴികെ 1550 വില്ലേജുകളുടെയും ഡിജിറ്റൽ സർവെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആദ്യ രണ്ട് ഘട്ടത്തിലെ 400 വില്ലേജുകളിലാണ് സർവെ ആരംഭിച്ചത്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | പ്രവൃത്തി വലിയ തോതിൽ പുരോഗമിച്ചുവരുന്നു. മൂന്നാം ഘട്ടത്തിലെ 200 വില്ലേജുകളിൽ സർവെ നടപടികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ